**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5650** — **27.10.2011 ലെ മറുപടിക്ക്**

**പിരിച്ചുവിട്ട സഹകരണ സംഘങ്ങളിലെ പുതിയ ഭരണ സമിതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>**(സഹകരണ വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം പിരിച്ചുവിടപ്പെട്ട സഹകരണ സംഘങ്ങളുടേയും സഹകരണ സ്ഥാപനങ്ങളുടേയും ചുമതല അഡ്മിനിസ്ട്രേറ്റർമാരെയോ പുതിയ ഭരണസമിതിയേയോ ഏൽപ്പിച്ചിട്ടുണ്ടോയെന്ന് പേരും ജില്ലയും തിരിച്ച് വ്യക്തമാക്കുമോ; | എ) പിരിച്ചുവിടപ്പെട്ട സഹകരണ സംഘങ്ങളുടേയും സഹകരണ സ്ഥാപനങ്ങളുടേയും ചുമതല അഡ്മിനിസ്ട്രേറ്റർമാരെയോ പുതിയ ഭരണസമിതിയേയോ ഏൽപ്പിച്ചത് സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>എറണാകുളം ജില്ല</u>**<br><br>കൊച്ചിൻ അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 1093 എന്ന സംഘത്തിന്റെ ഭരണ സമിതിയെ പിരിച്ചു വിടുകയും, സംഘത്തിൽ അഡ്മിനിസ്ട്രേറ്റർ ചാർജ് എടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>**<u>ആലപ്പുഴ ജില്ല</u>**<br><br>ആലപ്പുഴ മുനിസിപ്പൽ എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 467 എന്ന സംഘത്തിന്റെ ഭരണ സമിതി പിരിച്ചു വിടുകയും, അഡ്മിനിസ്ട്രേറ്റർ സംഘത്തിൽ ചാർജ് എടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>**<u>തൃശ്ശൂർ ജില്ല</u>**<br><br>അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ. 689 എന്ന സംഘത്തിന്റെ ഭരണ സമിതി പിരിച്ചു വിടുകയും, അഡ്മിനിസ്ട്രേറ്റർ സംഘത്തിൽ ചാർജ് എടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>**<u>കോട്ടയം ജില്ല</u>**<br><br>സെന്റ് ഡൊമനിക് കോളേജ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 546 എന്ന സംഘത്തിന്റെ ഭരണ സമിതി പിരിച്ചു വിടുകയും, അഡ്മിനിസ്ട്രേറ്റർ സംഘത്തിൽ ചാർജ് എടുക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| സി) പുതിയ ഭരണ സമിതികളിലേക്ക് തെര്‍ഞ്ഞെടുപ്പ് നടത്താന്‍ സ്വീകരിച്ച നടപടികള്‍ എന്തൊക്കെ എന്ന് വിശദമാക്കാമോ; | സി) **<u>കൊച്ചിന്‍ അര്‍ബന്‍ സഹകരണ സംഘം ക്ലിപ്തം നമ്പര്‍ ഇ 1093.</u>**<br><br>ടി സംഘത്തില്‍ തെരഞ്ഞെടുപ്പ് നടത്തുന്നതിന് തീരുമാനം എടുക്കുകയും തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഉത്തര വാകുകയും തെരഞ്ഞെടുപ്പ് വിജ്ഞാപനം എല്ലാ അംഗങ്ങള്‍ക്കും അയക്കുകയും ചെയ്തിട്ടുണ്ട്.<br><br><u>ആലപ്പുഴ മുന്‍സിപ്പല്‍ എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പര്‍ 467</u><br><br>സംഘത്തില്‍ അഡ്മിനിസ്ട്രേറ്റര്‍ ചാര്‍ജ്ജ് എടുത്തത് 17.10.2011-നാണ്. തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുന്നതാണ്.<br><br><u>അടാട്ട് ഫാര്‍മേഴ്സ് സര്‍വ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പര്‍ ആര്‍ 689</u><br><br>സംഘത്തില്‍ അഡ്മിനിസ്ട്രേറ്റര്‍ ചാര്‍ജ്ജ് എടുത്തത് 22.10.2011-നാണ്. തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുന്നതാണ്.<br><br><u>സെന്റ് ഡൊമനിക് കോളേജ് സഹകരണ സംഘം ക്ലിപ്തം നമ്പര്‍ കെ. 546</u><br><br>27.09.2011-ന് സംഘത്തില്‍ തെരഞ്ഞെടുപ്പ് നടത്തുന്നതിന് തീരുമാനിച്ച് റിട്ടേണിംഗ് ഓഫീസറെ നിയമിക്കുകയും സംഘാംഗങ്ങള്‍ക്ക് നോട്ടീസ് അയയ്ക്കുകയും ചെയ്തു. എന്നാല്‍ ഭരണ സമിതിയിലേക്ക് തെരഞ്ഞെടുക്കുന്നതിന് സംഘം അംഗങ്ങള്‍ ആരും നോമിനേഷന്‍ സമര്‍പ്പിക്കാത്തതുമൂലം തെരഞ്ഞെടുപ്പ് നടത്താന്‍ കഴിയാതെ വന്നു. ആയതിനാല്‍ സംഘം നിലവില്‍ അഡ്മിനിസ്ട്രേറ്റര്‍ ഭരണത്തില്‍ തുടരുകയാണ്. |
| ഡി) അഡ്മിനിസ്ട്രേറ്റര്‍ ഭരണത്തിലെ അംഗങ്ങളെ ഒഴിവാക്കി തെരഞ്ഞെടുപ്പ് നടത്താന്‍ നടപടി സ്വീകരിക്കുമോ? | നിയമാനുസൃതം നടപടികള്‍ സ്വീകരിക്കുന്നതാണ്. |

**സെക്ഷന്‍ ഓഫീസര്‍**